

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ടീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


24 ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ് . . . . . . . . . 1

1 1857-ന്റെ മുന്നോടികൾ . . . . . . . 3

2 കലാപത്തിന്റെ ജനകീയസ്വഭാവം . . 4

3 ദേശാഭിമാനത്തിന്റെ ആത്മവീര്യം . . 5

4 സമരത്തിന്റെ നേതൃത്വം . . . . . . . 6

# 24

# ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്

വിദേശാധിപത്യത്തെ ഇന്ത്യൻ ജനത ഒരിക്കലും സ്വാഗതം ചെയ്തിട്ടില്ല. നേരേമറിച്ച്, ആരംഭം മുതൽക്കുതന്നെ ഇടവിട്ടിടവിട്ടുണ്ടായ സമരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും തങ്ങളുടെ അസംതൃപ്തിയും സ്വാതന്ത്ര്യബോധവും പ്രകടിപ്പിക്കുകയാണവർ ചെയ്തിട്ടുള്ളത്.

ഇന്ത്യയിലെ പലപ്രദേശങ്ങളിലെയും ഫ്യൂഡൽ രാജാക്കൻമാർ പറയത്തക്ക യുദ്ധങ്ങളൊന്നും നടത്താതെതന്നെ ബ്രിട്ടീഷുകയ്യേറ്റക്കാർക്ക് ലജ്ജാവഹമാംവിധം കീഴടങ്ങുകയും അവരുടെ സേവ പിടിച്ചുകൊണ്ട് തങ്ങളുടെ എതിരാളികളായ മറ്റു രാജാക്കൻമാരെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നതു ശരിയാണ്. എന്നാൽ ചില രാജാക്കൻമാർ സ്തുത്യർഹമായ ധീരതയോടുകൂടി ബ്രിട്ടീഷ് ആക്രമണങ്ങളെ അങ്ങേയറ്റം ചെറുത്തുനിന്നിട്ടുണ്ട് എന്നുള്ളതും അതുപോലെതന്നെ ശരിയാണ്. ഭൂരിപക്ഷക്കാരായ ജനങ്ങളാണെങ്കിൽ, പല രൂപങ്ങളിലുമായി വിദേശീയാക്രമണത്തിനെതിരായ സമരങ്ങൾ ഇടവിടാതെ നടത്തിക്കൊണ്ടിരുന്നു.

## 1 1857-ന്റെ മുന്നോടികൾ

1757-ലെ പ്ലാസി യുദ്ധത്തിനും, 1857-ലെ മഹത്തായ ദേശീയ കലാപത്തിനുമിടയിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി ബ്രിട്ടീഷുമേധാവിത്വത്തിനും ഫ്യൂഡൽ ചൂഷണത്തിനുമെതിരായ ഒട്ടനവധി കർഷകകലാപങ്ങളുണ്ടായി. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, ബംഗാൾ സംസ്ഥാനത്തെയാകെ പിടിച്ചുകുലുക്കിയതും ബങ്കിംചന്ദ്രചാറ്റർജിയെപ്പോലുള്ള മഹാൻമാരായ സാഹിത്യകാരൻമാരെ ആവേശം കൊള്ളിച്ചതുമായ സന്യാസിലഹള അവയിൽ വലിയ പ്രാധാന്യം വഹിക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബറേലി, സഹറൻപൂർ, ഡൽഹി, മീററ്റ്, മുറാദബാദ് തുടങ്ങിയ പലപ്രദേശങ്ങളിലും കർഷകലഹളകൾ ഉണ്ടായി. 1822-നും 1827-നും ഇടയിൽ പൂനയിലുണ്ടായ രാമോസി ലഹളകൾ, 1831-1832 ലെ കോലേ ലഹള, 1831 നും 1847 നുമിടയിൽ ബംഗാളിലുണ്ടായ നീലം കൃഷിക്കാരുടെ ലഹളകൾ, 1844 ലെ സാവന്തവാടി ലഹള, 1849, 1851, 1852, 1855 എന്നീ കൊല്ലങ്ങളിൽ മലബാറിലുണ്ടായ കർഷകലഹളകൾ, 1855-56 ലെ മഹത്തായ സാന്തൽ കലാപം — ഇതെല്ലാം ബ്രിട്ടീഷ് ഭരണാധികാരികളുടെ ചൂഷണത്തിനും മറ്റ മർദ്ദനമുറകൾക്കുമെതിരായ ഇന്ത്യൻ ജനതയുടെ ആത്മവീര്യത്തിന്റെ പ്രകടനങ്ങളായിരുന്നു.

കൃഷിക്കാരുടെ ഇടയിൽ മാത്രമല്ല, ബ്രിട്ടീഷുമേധാവികളുടെ കീഴിലുള്ള ഇന്ത്യൻ പട്ടാളക്കാർക്കിടയിലും അപ്പപ്പോഴായി അനേകം ലഹളകൾ ഉണ്ടായി. 1764 ലാണ് ബംഗാൾ സൈന്യവിഭാഗത്തിലെ പട്ടാളക്കാർക്കിടയിൽ ആദ്യമായി ഒരു ലഹള പൊട്ടിപ്പുറപ്പെട്ടത്. ബ്രിട്ടീഷുകാർ അതിനെ നിർദ്ദയമായി അടിച്ചമർത്തുകയും അതിനു നേതൃത്വം നൽകിയ 24 ഇന്ത്യൻ ശിപായികളെ വെടിവച്ചുകൊല്ലുകയും ചെയ്തു. 1806-ൽ വെല്ലൂരിലെ പട്ടാളക്കാർ തങ്ങളുടെ ബ്രിട്ടീഷ് മേലുദ്യോഗസ്ഥൻമാർക്കെതിരായി ഒരു ധീരമായ കലാപം നടത്തി. അവർ ബലം പ്രയോഗിച്ച് വെല്ലൂർ കോട്ട പിടിച്ചെടുക്കുകയും ചില യൂറോപ്യൻ പട്ടാളക്കാരെ കൊലപ്പെടുത്തുകയും ചെയ്തു. ടിപ്പുസുൽത്താന്റെ കുടുംബക്കാരുൾപ്പെടെ നാട്ടുകാരുടെ വിഭാഗം കലാപത്തിന്റെ ഭാഗത്തുചേർന്നു. പക്ഷേ, അപ്പോഴേക്കും അവർ അടിച്ചമർത്തപ്പെട്ടു. 1808-1809-ൽ മദിരാശി സൈന്യവിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർക്കിടയിൽ ലഹളയുണ്ടായി. 1824-ൽ ബർമയെ കീഴടക്കാൻ പോകണമെന്ന കൽപ്പനയ്ക്കെതിരായി കൽക്കത്തയ്ക്കടുത്തുള്ള ഭാരത്പൂരിലെ പട്ടാളക്കാർ ലഹള നടത്തി. 1840-ൽ ബ്രിട്ടൻ ചൈനയ്ക്കെതിരായി നടത്തിയ 'അവീൻ യുദ്ധ'ത്തിൽ പങ്കെടുക്കാനാവശ്യപ്പെട്ടതിനെ തുടർന്ന് ബ്രിട്ടിഷിന്ത്യൻ പട്ടാളത്തിലെ 2-ാം റെജിമെൻറും 41-ാം റെജിമെൻറും ലഹളകൂട്ടി. 1844 മുതൽ 1857 വരെയുള്ള 13 കൊല്ലങ്ങൾക്കിടയിൽ ഇന്ത്യൻ പട്ടാളക്കാർക്കിടയിൽ നാലു ലഹളകളുണ്ടായി. തുടരെത്തുടരെയുണ്ടായ ഈ ശിപായി ലഹളയുടെ ഏറ്റവും മൂർച്ഛിച്ച ഒരു രൂപമാണ് 1857-ൽ പ്രത്യക്ഷപ്പെട്ടത്.

അപ്പോൾ, 1857, ചില ചരിത്രകാരൻമാർ കരുതുന്നതുപോലെ, ഒരു യാദൃശ്ചിക സംഭവമായിരുന്നില്ല. സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ വിവിധ രംഗങ്ങളിൽ ഇന്ത്യക്കാർക്കെതിരായി ബ്രിട്ടീഷ് മേധാവികൾ കൈക്കൊണ്ട നെറികെട്ട നടപടികൾകൊണ്ടു നീറിപ്പുകഞ്ഞ ഒരു പരിതഃസ്ഥിതിയുടെ പൊട്ടിത്തെറിക്കലായിരുന്നു അത്. ആ പൊട്ടിത്തെറിക്കലാണ് ഇന്ത്യയുടെ ഒന്നാമത്തെ സായുധ ദേശീയകലാപമെന്നപേരിൽ ചരിത്രപ്രസിദ്ധമായിത്തീർന്നത്.

മാർക്സ് എഴുതുന്നു:

> 'ഇതിനുമുമ്പും ഇന്ത്യൻ പട്ടാളക്കാർക്കിടയിൽ ലഹളകളുണ്ടായിട്ടുണ്ട്. എന്നാൽ, ഇപ്പോഴത്തെ ലഹള സവിശേഷകമായ മാരകസ്വഭാവത്തോടുകൂടിയതാണ്. ഇന്ത്യൻ പട്ടാളവിഭാഗങ്ങൾ ആദ്യമായിട്ടാണ് തങ്ങളുടെ യൂറോപ്യൻ ഓഫീസർമാരെ കൊലചെയ്യുന്നത്. ആദ്യമായിട്ടാണ് ഹിന്ദുക്കളും മുസൽമാൻമാരും, തങ്ങളുടെ പൂർവ്വവൈരങ്ങളെല്ലാം മറന്ന് പൊതുയജമാനൻമാർക്കെതിരായി യോജിക്കുന്നത്. ആദ്യമായിട്ടാണ് ഹിന്ദുക്കളുടെ ഇടയിലാരംഭിക്കുന്ന ലഹളകൾ ഡൽഹിയുടെ സിംഹാസനത്തിൽ ഒരു മുസ്ലീം ചക്രവർത്തിയെ വാഴിക്കുന്നതിൽ ചെന്നവസാനിക്കുന്നത്. ഏതെങ്കിലും ചില പ്രത്യേക പ്രദേശങ്ങളിൽമാത്രം ഒതുങ്ങിനിൽക്കാതെ ലഹള പരന്നുപിടിക്കുന്നതും ആദ്യമായിട്ടാണ്.'

## 2 കലാപത്തിന്റെ ജനകീയസ്വഭാവം

വെടിയുണ്ട പൊതിയുവാൻ പശുവിന്റെയും പന്നിയുടെയും കൊഴുപ്പുപയോഗിക്കുന്നതിനെതിരായ പ്രതിഷേധപ്രകടനങ്ങളെന്ന നിലയ്ക്കാണ് ലഹളയാരംഭിച്ചത്. 1857 ജനവരി മുതൽക്കുതന്നെ പല 'ബാരക്കു'കളിലും വച്ച് ഇന്ത്യൻപട്ടാളക്കാർ യോഗങ്ങൾ കൂടുകയും കൊഴുപ്പുപയോഗിക്കുന്നത് തങ്ങളുടെ മതവിശ്വാസങ്ങൾക്കും ആത്മീയാഭിമാനത്തിനും ദേശീയമായ അന്തസ്സിനും എതിരാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ബ്രിട്ടീഷുകാർ നിർബന്ധമുപയോഗിക്കാനാണ് തുനിഞ്ഞത്. 1857 മാർച്ച് 29 ന് 26 വയസ്സു മാത്രം പ്രായമായ മംഗൽ പാണ്ഡേ എന്നൊരു ശിപായി തോക്കെടുത്തു യുദ്ധം ചെയ്യാൻ സഖാക്കളെ ഉദ്ബോധിപ്പിച്ചു. ചില ബ്രിട്ടീഷുദ്യോഗസ്ഥൻമാർ പെട്ടെന്ന് അദ്ദേഹത്തിന് മേൽ ചാടിവീണു. ഒരുദ്യോഗസ്ഥൻ മരിച്ചു. പാണ്ഡേ അറസ്റ്റു ചെയ്യപ്പെടുകയും കോർട്ട് മാർഷലിനുശേഷം ഏപ്രിൽ എട്ടിന് തൂക്കിക്കൊല്ലപ്പെടുകയും ചെയ്തു. കലാപം ആരംഭിച്ചു കഴിഞ്ഞു!

മെയ് 10-നു മീററ്റിലെ പട്ടാളക്കാർ രഹസ്യമായി ലഹളയാരംഭിച്ചു. അന്നുതന്നെ യമുനാനദി കടന്ന് അവർ ഡൽഹിയിലേക്ക് മാർച്ചുചെയ്തു. അവസാനത്തെ മുഗൾ ചക്രവർത്തിയായ ബഹദൂർഷാ ഭൂതകാലത്തിന്റെ ഒരു നിഴലെന്നനിലയ്ക്ക് ഡൽഹിയിൽ കഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. പെട്ടെന്ന് ആ നിഴലിനു ജീവൻവച്ചു. ലഹളക്കാർ ഡൽഹി പിടിച്ചെടുത്ത് ബഹദൂർഷായെ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. ചാററ്സ്ബാൾ തന്റെ 'ഇന്ത്യൻ ലഹള' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ 'മീററ്റിലെ ശിപായികൾ ഒരു നിമിഷത്തിനുള്ളിൽ ഒരു നേതാവിനെയും ഒരു പതാകയെയും ഒരു ലക്ഷ്യത്തേയും കണ്ടെത്തി. ലഹള ഒരു വിപ്ലവയുദ്ധമായി രൂപാന്തരപ്പെട്ടു.'

ഒരു ശിപായിലഹളയായിട്ടാണ് കലാപമാരംഭിച്ചത്. പക്ഷേ, അതിവേഗം അത് ഒരു ജനകീയകലാപമായി മാറി. കൃഷിക്കാരും നാട്ടുവാഴികളും കച്ചവടക്കാരും കൈവേലക്കാരും ഹിന്ദുക്കളും മുസ്ലീങ്ങളും സ്ത്രീപുരുഷ വ്യത്യാസം കൂടാതെ അതിൽ പങ്കെടുത്തു. പട്ടാളക്കാരും നാട്ടുകാരും തോളോട് തോൾ ചേർന്ന് പടവെട്ടി. ഹിന്ദുസന്യാസികളും നാട്ടുകാരുടെ ഇടയിൽ ചുറ്റിസഞ്ചരിച്ചുകൊണ്ട് ബ്രിട്ടീഷുകാർക്കെതിരായി ആയുധമെടുക്കാൻ ആഹ്വാനം ചെയ്തു. ബ്രിട്ടീഷുഭരണം അവസാനിപ്പിച്ച് കേന്ദ്രീകൃതവും സ്വതന്ത്രവുമായ ഒരു പുതിയ ഭരണം സ്ഥാപിക്കുക എന്നതായിരുന്നു കലാപത്തിന്റെ പരമമായ ലക്ഷ്യം. ജനറൽ സർ റോബർട്ട് ഗാർഡിനർ എന്ന ബ്രിട്ടീഷുദ്യോഗസ്ഥൻ തന്റെ മേലുദ്യോഗസ്ഥൻമാർക്കയച്ച സ്വകാര്യ റിപ്പോർട്ടിൽ സമ്മതിച്ചതുപോലെ, 'ഇന്ത്യൻ ലഹളയെ വെറുമൊരു പട്ടാളലഹളയായി ചിത്രീകരിക്കുന്നത് വ്യക്തമായും ഒരു സാമൂഹ്യകലാപത്തിലേക്കു നയിക്കുന്ന ദുർഭരണത്തിന്റെ കാരണങ്ങളെ മൂടിവെയ്ക്കലായിരിക്കും.'

ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കുമിടയിൽ ഭിന്നിപ്പുകളുണ്ടാക്കാൻ ബ്രിട്ടീഷുദ്യോഗസ്ഥൻമാർ ആവുന്നതും ശ്രമിച്ചുനോക്കി. പക്ഷേ, സാധിച്ചില്ല. നേരേമറിച്ച് ദേശീയബോധത്തിന്റെ തള്ളിച്ച ഹിന്ദുമുസ്ലീം ഐക്യത്തെ കൂടുതൽ സുദൃഢമാക്കുകയാണ് ചെയ്തത്. ബ്രിട്ടീഷുകാർക്കെതിരായ മുസ്ലീങ്ങളുടെ ലഹളയെ ഹിന്ദുക്കൾക്കെതിരായ ലഹളയാക്കി മാറ്റാനുള്ള ഗൂഢാലോചനകളെ തുറന്നുകാണിച്ചുകൊണ്ട് ബഹദൂർഷാ ഉറപ്പിച്ചു പറഞ്ഞു:

> 'ഈ പരിശുദ്ധ യുദ്ധം ബ്രിട്ടീഷുകാർക്കെതിരായുള്ളതാണ്. അതിനെ ഹിന്ദുക്കൾക്കെതിരാക്കി മാറ്റാൻ പാടില്ലെന്നു ഞാൻ കൽപ്പിക്കുന്നു.'

ഹിന്ദുക്കളോടുള്ള സൗഹാർദ്ദത്തിന്റെ സൂചനയെന്ന നിലയ്ക്ക് 'ഈദ്' ആഘോഷത്തിൽ പശുക്കളെ കൊല്ലാൻ പാടില്ലെന്ന് അദ്ദേഹം മുസ്ലീങ്ങളോട് ആവശ്യപ്പെട്ടു. ബ്രിട്ടീഷ് ഭരണം നിലനിൽക്കുന്നത് ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരുപോലെ ആപത്താണെന്ന് കലാപകാരികൾ മനസ്സിലാക്കിയിരുന്നു. ലക്നൗവിലെ ലഹളക്കാർ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ ഇങ്ങനെ പറയുന്നു:

> 'എല്ലാ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും അറിയാം, ഓരോ മനുഷ്യനും നാലുകാര്യങ്ങൾ പ്രിയപ്പെട്ടവയാണെന്ന്. ഒന്നാമത് മതം, രണ്ടാമത് മാനം, മൂന്നാമത് ജീവൻ, നാലാമത് സ്വത്തുക്കൾ. ഈ നാലുകാര്യങ്ങളും ഒരു ദേശീയ ഗവൺമെൻറിന്റെ കീഴിൽ മാത്രമേ ഭദ്രമായിരിക്കുകയുള്ളൂ.'

ജൂൺ 4-നു ലക്നൗ ബ്രിട്ടീഷുകാരുടെ പിടിയിൽനിന്നു മോചിപ്പിക്കപ്പെട്ടു. കലാപം അതിവേഗം പരന്നുപിടിച്ചു.

# 3 ദേശാഭിമാനത്തിന്റെ ആത്മവീര്യം

19 ദിവസം കൊണ്ട് ഔധ്, റോഹിൽകണ്ട് എന്നീ പ്രദേശങ്ങളിൽ ബ്രിട്ടീഷ് മേധാവിത്വമവസാനിച്ചു. കാൺപൂർ, ബുന്ദേൽഖണ്ട് മുതലായ പ്രദേശങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ പതാക പാറിക്കളിച്ചു. കൽക്കത്ത മുതൽ പെഷവാർവരേയും ഹിമാലയപർവ്വതം മുതൽ നർമ്മദാനദിവരേയുമുള്ള വിസ്തൃതമായ പ്രദേശങ്ങളിൽനിന്ന് ബ്രിട്ടീഷുഭരണം തുടച്ചുനീക്കപ്പെട്ടു.

ഝാൻസിയിലെ റാണി ലക്ഷ്മീഭായി, ഫൈസാബാദിലെ മൗലവി അഹമ്മദ്ഷാ, ഗെറില്ലാ സമരവിദഗ്ധനായ കുവാർസിംഗ്, അമർസിംഗ്, താന്തിയോതോപ്പി, നാനാസാഹേബ്, ഫിറോസ് ഷാ മുതലായവരായിരുന്നു കലാപത്തിന്റെ പ്രധാന നേതാക്കൻമാർ. ഇവരിൽ ചിലർ നാട്ടുവാഴികളായിരുന്നെങ്കിൽ മറ്റുചിലർ ഇടത്തരക്കാരായ പടനായകൻമാരായിരുന്നു. വിവിധ തരത്തിലാണെങ്കിലും അവരെല്ലാവരും ജനങ്ങളെ ആവേശം കൊള്ളിച്ചു. ഝാൻസിറാണിയുടെ പേര് പ്രത്യേകമായി എടുത്തുപറയത്തക്കതാണ്. അത്ഭുതകരമായ ധീരതയോടുകൂടിയാണ് അവർ ബ്രിട്ടീഷ് പട്ടാളക്കാരെ നേരിട്ടത്. തന്റെ കീഴിലുള്ള പട്ടാളക്കാരേയും ജനങ്ങളേയും ആവേശം കൊള്ളിച്ചുകൊണ്ട് അവർ പടക്കളത്തിന്റെ മുന്നണിയിൽ നിന്നുതന്നെ പടവെട്ടി. ഉഗ്രമായ യുദ്ധത്തിനിടയിൽ 1857 ജൂൺ 17 ന് ബ്രിട്ടീഷുകാരുടെ വെടിയുണ്ടയേറ്റ് അവർ കുതിരപ്പുറത്തുനിന്ന് വീഴുകയും അരമണിക്കൂറിനുള്ളിൽ മരണമടയുകയും ചെയ്തു. പക്ഷേ, അതോടുകൂടി അവരുടെ പേർ അനശ്വരമായിത്തീർന്നു. ലക്ഷക്കണക്കിലുള്ള ജനങ്ങളുടെ ഹൃദയങ്ങളിലും നൂറുകണക്കിനുള്ള നാടോടിപ്പാട്ടുകളിലും അവരിന്നും ജീവിച്ചിരിക്കുന്നു.

രാഷ്ട്രീയപരവും തന്ത്രപരവുമായ കാരണങ്ങളാൽ ആദ്യമായി ഡൽഹി മടക്കിപ്പിടിക്കാനാണ് ബ്രിട്ടീഷുകാർ തങ്ങളുടെ എല്ലാ ശ്രദ്ധയും ശക്തിയും കേന്ദ്രീകരിച്ചത്. പക്ഷേ, അതത്ര എളുപ്പമായിരുന്നില്ല. ത്യാഗസുരഭിലമായ ദേശാഭിമാനത്തിന്റെയും സ്വതന്ത്രബോധത്തിന്റെയും മുമ്പിൽ അവരുടെ പരിഷ്കരിച്ച വെടിയുണ്ടകൾ വീണ്ടും വീണ്ടും പരാജയപ്പെട്ടു. നാലുമാസം നീണ്ടുനിന്ന ഇടവിടാത്ത യുദ്ധങ്ങൾക്കും അതിനുശേഷം നഗരത്തിനുള്ളിൽ നടന്ന അഞ്ചുദിവസത്തെ ദ്വന്ദ്വയുദ്ധത്തിനും ശേഷം അവസാനം സെപ്തംബർ 24-നാണ് അവരുടെ പരിശ്രമം വിജയിച്ചത്. എന്നാൽ, ലക്നൗ വീണ്ടെടുത്ത് 1858 മാർച്ച് 21-ാം തീയതി മാത്രമാണ്.

അപ്പോഴും താന്തിയോതോപ്പിയുടെ ഗറില്ലാ സൈന്യങ്ങൾ കീഴടങ്ങാൻ കൂട്ടാക്കാതെ ചെറുത്തുനിൽക്കുകയായിരുന്നു. 1858 ഏപ്രിൽ 7-ാം തീയതി തോൽപ്പിക്കപ്പെട്ടു. 18-ാം തീയതി തൂക്കിക്കൊല്ലപ്പെടുകയും ചെയ്തു.

അതോടുകൂടി രണ്ടുകൊല്ലം നീണ്ടുനിന്നതും ബ്രിട്ടീഷുഭരണത്തെ അടിമുതൽ മുടിവരെ പിടിച്ചുകുലുക്കിയതുമായ ഇന്ത്യയുടെ ഒന്നാമത്തെ സ്വാതന്ത്ര്യസമരം അടിച്ചമർത്തപ്പെട്ടു.

## 4 സമരത്തിന്റെ നേതൃത്വം

സമരത്തിൽ മുന്നിട്ടുനിന്നത് കൃഷിക്കാരും, പട്ടാളക്കാരും, കൈവേലക്കാരും മറ്റു ദരിദ്രവിഭാഗങ്ങളുമാണ്. അവരുടെ ഉത്സാഹവും ആവേശവും അസാധരണമായ ധീരോദാത്തതയുമാണ് പലപ്പോഴും നാട്ടുവാഴി രാജാക്കൻമാരെ മുന്നോട്ടുനീക്കിയത്. എന്നാൽ സമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാക്കൻമാർ നാട്ടുവാഴികളായിരുന്നു. തങ്ങളുടെ പൊയ്പ്പോയ അധികാരങ്ങൾ വീണ്ടെടുക്കണമെന്ന സ്വാർത്ഥോദ്ദേശ്യത്തോടുകൂടിയാണ് അവരിൽ പലരും ബ്രിട്ടീഷുകാർക്കെതിരായി തിരിഞ്ഞത്. പക്ഷേ, നാട്ടുവാഴികൾ നേതൃത്വം വഹിച്ചു എന്നതുകൊണ്ടുമാത്രം 1857 ന്റെ ദേശീയസ്വഭാവം നഷ്ടപ്പെടുന്നില്ല. ഈ വിരോധാഭാസം ലോകചരിത്രത്തിന്റെ മറ്റുചില പേജുകളിലും കാണാം. ഉദാഹരണത്തിന് മാർക്സ് ചൂണ്ടിക്കാണിക്കുന്നതുപോലെ, 'ഫ്രാൻസിലെ രാജകീയഭരണത്തിനെതിരായ ആദ്യത്തെ അടി പുറപ്പെട്ടത് കൃഷിക്കാരിൽ നിന്നല്ല, നാട്ടുവാഴിപ്രഭുക്കളിൽ നിന്നാണ്.' 1857 ലെ ഇന്ത്യൻ സ്വാതന്ത്ര്യസമരം തുടങ്ങിവച്ചത് പട്ടാളക്കാരാണ്. പക്ഷേ, അത് പട്ടാളക്കാരുടെ മാത്രം സമരമായിരുന്നില്ല. ബ്രിട്ടീഷു കയ്യേറ്റക്കാരെ ആട്ടിപ്പുറത്താക്കി സ്വാതന്ത്ര്യം നേടാൻ വേണ്ടി വിപുലമായ ദേശീയാടിസ്ഥാനത്തിൽ ഇന്ത്യൻജനത നടത്തിയ സമരമായിരുന്നു അത്.

ഭീരുക്കളും രാജ്യദ്രോഹികളുമായ ചില രാജാക്കൻമാർ ആദ്യം മുതൽക്കുതന്നെ ബ്രിട്ടീഷുകാരുടെ ഭാഗത്തുറച്ചുനിന്നു. പട്യാല, കപൂർത്തല, നീപ്പാൾ തുടങ്ങിയ രാജ്യങ്ങളിലെ മഹാരാജക്കൻമാർ ഇന്ത്യയുടെ ദേശീയകലാപം അടിച്ചമർത്താൻവേണ്ടി നേരിട്ട് സൈന്യങ്ങളെ നയിച്ചു. ചില രാജാക്കൻമാർ ആടിക്കളിച്ചുകൊണ്ടിരുന്നു. ജനകീയ സമർദ്ദത്തിന്റെ ഫലമായി മറ്റുചില രാജാക്കൻമാർ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗത്തുചേരാൻ നിർബന്ധിതരായി. സമരത്തിന്റെ ഗതിക്രമത്തിലെ ഒരു ഗൗരവം നിറഞ്ഞ ഘട്ടത്തിൽ ഗവർണ്ണർ ജനറൽ കാനിംഗ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

> 'സിന്ധിയ കലാപത്തിൽ ചേർന്നാൽ നാളെത്തന്നെ ഞാൻ കെട്ടുകെട്ടേണ്ടിവരും.'

എന്നാൽ അവസാനമവസാനം, പരാജയം തീർച്ചപ്പെട്ടുന്തോറും കൂടുതൽ കൂടുതൽ രാജാക്കൻമാർ സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ച് ബ്രിട്ടീഷുകാരുടെ ഭാഗത്തുചേർന്നു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ പൊളിറ്റിക്കൽ ഏജൻറായ ഗ്രേറ്റ് ഹെസിന് 1857 ആഗസ്റ്റ് 19-ാം തീയതി ഇങ്ങനെ രേഖപ്പെടുത്താൻ കഴിഞ്ഞു:

> 'രാജാക്കൻമാരിൽനിന്ന് അവരെല്ലായ്പ്പോഴും നമ്മുടെ ഭാഗത്താണ് നിന്നിട്ടുള്ളതെന്നും നമുക്കുവേണ്ടി അവർക്കെന്തുചെയ്യാൻ കഴിയുമെന്നറിയിക്കണമെന്നും പ്രസ്താവിക്കുന്ന കത്തുകൾ എനിക്ക് കിട്ടാൻ തുടങ്ങിയിരിക്കുന്നു.'

ചുരുക്കിപ്പറഞ്ഞാൽ, നാട്ടുവാഴിപ്രഭുക്കൻമാരുടെ വഞ്ചനയേയും ഭീരുത്വത്തേയും ഉപയോഗിച്ചുകൊണ്ടാണ് ബ്രിട്ടീഷുഭരണാധികാരികൾ ഇന്ത്യയുടെ ഒന്നാമത്തെ ദേശീയസ്വാതന്ത്ര്യസമരത്തെ അടിച്ചമർത്തിയത്.

സമരം അടിച്ചമർത്തപ്പെട്ടുവെന്നതു ശരിയാണ്, പക്ഷേ, 1857-ൽ കൊളുത്തിയ സ്വാതന്ത്ര്യബോധത്തിന്റെ തീജ്ജ്വാല ഒരിക്കലും കെട്ടടങ്ങുകയുണ്ടായില്ല. അതിന്റെ വീരസ്മരണകൾ ജനസാമാന്യത്തിന്റെ ഹൃദയങ്ങളിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകുകയുണ്ടായില്ല. ബ്രിട്ടീഷ ഭരണത്തിനായി വിജയം വരെ സമരം തുടരാൻ അതു പിന്നീടുണ്ടായ തലമുറകൾക്കു പ്രോത്സാഹനവും നൽകി.

1857-ൽ തന്നെ ബ്രിട്ടീഷ് ഭരണം വല്ലാതെ ഞെരുക്കപ്പെടുകയും പിടിച്ചുകുലുക്കപ്പെടുകയും ചെയ്തു. വെടിയുണ്ടകൊണ്ടുമാത്രം ഇന്ത്യയുടെ ആത്മാവിനെ നേരിടാൻ കഴിയില്ലെന്ന് അവർക്ക് ബോധ്യമായി. ഭരണരീതിയിലും അടവുകളിലും അതിപ്രധാനമായ ചിലമാറ്റങ്ങൾ വരുത്തുവാനും നിർബന്ധരായി. കമ്പനിഭരണത്തിന് പൂർണ്ണവിരാമമിടുവാനും ബ്രിട്ടീഷ് പാർലമെൻറിന്റെ ഭരണം ആരംഭിക്കുവാനും തീരുമാനിക്കപ്പെട്ടു. ഇംഗ്ലണ്ടിലെ വിക്ടോറിയാരാജ്ഞി ഇന്ത്യയുടെ ചക്രവർത്തിനിയായി പ്രഖ്യാപിക്കപ്പെട്ടു. ജനങ്ങളെ അടിമപ്പെടുത്തി വയ്ക്കാൻ വേണ്ടി നാട്ടുവാഴിരാജാക്കൻമാരുടെ സൗഹൃദം നേടുക എന്ന പുതിയ നയം നടപ്പിൽ വന്നു. ഇന്ത്യയുടെ ഭരണം ഏറ്റെടുത്തുകൊണ്ട് ചക്രവർത്തിനി പ്രഖ്യാപിച്ചു.

> 'നാട്ടുരാജാക്കൻമാരുടെ അവകാശങ്ങളേയും അന്തസിനേയും അഭിമാനത്തേയും നമ്മുടെ സ്വന്തം കാര്യമെന്നപോലെ നാം ആദരിക്കുന്നതാണ്.'

നാട്ടുവാഴികളെ പ്രീണിപ്പിക്കാനും പാട്ടിലാക്കാനും എളുപ്പമായിരുന്നു. പക്ഷേ, ഇന്ത്യയിൽ നാട്ടുവാഴികൾ മാത്രമല്ല ഉണ്ടായിരുന്നത്. 1857 ന്റെ വീരപാരമ്പര്യം ഉൾക്കൊണ്ട ജനങ്ങളും ഉണ്ടായിരുന്നു. സ്വന്തം രാജ്യത്തെ വഞ്ചിക്കാനോ ബ്രിട്ടീഷ് ഭരണത്തിന്റെ മുന്നിൽ മുട്ടുകുത്താനോ തയ്യാറല്ലാത്ത ജനങ്ങൾ. അവരാണ് ഇന്ത്യയുടെ ഭാവി നിർണ്ണയിച്ചത്. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014